ALL INDIA RADIO, THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 17.03.2024 TIME : 12.50 PM

പ്രധാന വാർത്തകൾ

1. രാജ്യം ലോക് സഭാ തെരഞ്ഞെടുപ്പിൻറെ പ്രചാരണത്തിരക്കിലേക്ക്. കേരളത്തിൽ നാമനിർദ്ദേശ പത്രിക സമർപ്പണം ഏപ്രിൽ നാലു മുതൽ.

   The country is on the campaign trail for the Lok Sabha elections. Submission of nomination papers in Kerala from April 4.

2. തെരഞ്ഞെടുപ്പ് കുറ്റമറ്റ രീതിയിൽ നടപ്പാക്കാനുള്ള നടപടികളുമായി തെരഞ്ഞെടുപ്പ് കമ്മീഷൻ.

   Election Commission with measures to conduct the election flawlessly.

3. സ്ത്രീകളെ സാമ്പത്തികമേഖലയിലും സാങ്കേതികവിദ്യയിലും ശാക്തീകരിക്കേണ്ടതുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

   Women need to be empowered in the financial sector and technology, says PM Modi.

4. കടൽ കൊള്ളക്കാർ ബന്ദികളാക്കിയ 17 കപ്പൽ ജീവനക്കാരെ രക്ഷപ്പെടുത്തി ഇന്ത്യൻ നാവികസേന.

   Indian Navy rescued 17 ship crew held hostage by pirates.

5. നൊവാക് ജോക്കോവിച്ച് മിയാമി ഓപ്പൺ ടെന്നീസ് ടൂർണമെന്റിൽ നിന്നും പിന്മാറി.

   Novak Djokovic confirmed to pull out of the upcoming Tennis Tournament.

&&&&&&&&&&&&&&&&

HEADLINE – 2

ELECTION COMMISSION 4M FORMULA

ലോകസഭാ തെരഞ്ഞെടുപ്പ് കുറ്റമറ്റതാക്കാൻ **ഫോർ എം ഫോർമുല** അടിസ്ഥാനപ്പെടുത്തിയുള്ള നടപടികളുമായി തെരഞ്ഞെടുപ്പ് കമ്മീഷൻ. മണി അഥവാ പണം, മസിൽ പവർ അഥവാ സംഘടിതശക്തി, മിസിൻഫർമേഷൻ എന്ന തെറ്റായ വിവരപ്രചാരണം, എം.സി.സി അഥവാ പെരുമാറ്റചട്ടലംഘനം എന്നിവ അനുവദിക്കില്ല എന്നതാണ്. ഫോർ എം ഫോർമുല കൊണ്ട് ഉദ്ദേശിക്കുന്നതെന്ന് കമ്മീഷൻ അറിയിച്ചു. തെരഞ്ഞെടുപ്പിനിടെ എവിടെയെങ്കിലും അക്രമം നടന്നാൽ നിർദാക്ഷിണ്യം നടപടിയെടുക്കുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ രാജീവ് കുമാർ അറിയിച്ചു. ഇന്ത്യൻ തിരഞ്ഞെടുപ്പ് പ്രക്രിയയെ മറ്റ് രാജ്യങ്ങൾക്ക് പിന്തുടരാനും അനുകരിക്കാനുമുള്ള മാതൃകയാക്കി മാറ്റും. വിദ്വേഷ പ്രസംഗങ്ങളും ജാതി മതാടിസ്ഥാനത്തിലുള്ള ആക്ഷേപങ്ങളും അനുവദിക്കില്ലെന്നും കമ്മീഷൻ വ്യക്തമാക്കിയിട്ടുണ്ട്.

&&&&&&&&&&&&&&&&

ELECTION - MCC

ലോക്സഭാ തെരഞ്ഞെടുപ്പും നാല് സംസ്ഥാനങ്ങളിലെ നിയമസഭാ തെരഞ്ഞെടുപ്പുകളും പ്രഖ്യാപിച്ചതിന് പിന്നാലെ രാജ്യത്ത് മാതൃകാ പെരുമാറ്റച്ചട്ടം നിലവിൽ വന്നു. പെരുമാറ്റചട്ടം ഫലപ്രദമായി നടപ്പാക്കാൻ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് നിർദ്ദേശം നൽകി. കാബിനറ്റ് സെക്രട്ടറി, സംസ്ഥാന ചീഫ് സെക്രട്ടറിമാർ, ചീഫ് ഇലക്ടറൽ ഓഫീസർമാർ എന്നിവർക്ക് ഇത് സംബന്ധിച്ച് കമ്മീഷൻ കത്തയച്ചു. സർക്കാർ ഉടമസ്ഥതയിൽ ഉള്ള വസ്തുക്കളിൽ പതിച്ചിട്ടുള്ള പോസ്റ്ററുകൾ, ബാനറുകൾ, അപകീർത്തിപ്പെടുത്തുന്ന തരത്തിലുള്ള ചുവരെഴുത്തുകൾ

തുടങ്ങിയവ തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ച് 24 മണിക്കൂറിനുള്ളിൽ നീക്കം ചെയ്യണമെന്നാണ് ചട്ടം.

&&&&&&&&&&&&&&&&

HEADLINE – 1

ELECTION GENERAL - INTRO

18 ആം ലോക്സഭയിലേക്കുള്ള തെരഞ്ഞെടുപ്പിൻറെ ചിത്രം തെളിഞ്ഞതോടെ അവസാനവട്ട സ്ഥാനാർത്ഥി നിർണയത്തിൻറെ തിരക്കിലാണ് വിവിധ രാഷ്ട്രീയ കക്ഷികൾ. സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചിട്ടുള്ള മണ്ധലങ്ങളിൽ പ്രചാരണത്തിന് ചൂട് പിടിച്ചു.

വിശദാംശങ്ങളിലേക്ക്.....

(വോയ്സ്)

ഏഴ് ഘട്ടങ്ങളിലായി നടക്കുന്ന 18-ാം ലോക്സഭാ തെരഞ്ഞെടുപ്പിൻറെ ആദ്യ ഘട്ടം അടുത്തമാസം 19 ന് നടക്കും. ജൂൺ നാലിനാണ് വോട്ടെണ്ണൽ. ആദ്യഘട്ട വോട്ടെടുപ്പിന് ഇനി കേവലം 32 ദിവസങ്ങൾ മാത്രമാണുള്ളത്. കേന്ദ്രത്തിൽ മൂന്നാമതും ഭരണ തുടർച്ച ലക്ഷ്യമിട്ട് ബിജെപിയുടെ നേതൃത്വത്തിൽ എൻഡിഎയും, കൈവിട്ട ഭരണം തിരികെ പിടിക്കാൻ കോൺഗ്രസിന്റെ നേതൃത്വത്തിൽ ഐ എൻ ഡി ഐ എ സഖ്യവും ശ്രമങ്ങൾ ഊർജ്ജിതമാക്കി. ചെറുകിട കക്ഷികളുടെ സീറ്റ് വിഹിതവും നിർണായകമാകും, ഇത്തവണ രാജ്യത്ത് സമ്മതിദാനവകാശം വിനിയോഗിക്കുക 97 കോടി വോട്ടർമാരാണ്. ഇതിൽ 1.82 കോടി പേർ കന്നിവോട്ടർമാരുമുണ്ട്. പത്തരലക്ഷം പോളിംഗ് ബൂത്തുകളാണ് തെരഞ്ഞെടുപ്പിനായി സജ്ജമായിരിക്കുന്നത്. തെരഞ്ഞെടുപ്പ് കുറ്റമറ്റ രീതിയിൽ നടത്താൻ കമ്മീഷനും നടപടികൾ സ്വീകരിച്ചുവരികയാണ്. 85 വയസ്സിന് മുകളിൽ പ്രായമുള്ളവർക്കും ഭിന്നശേഷിക്കാർക്കും വോട്ട് ഫ്രം ഹോം വിനിയോഗിക്കാം. KNOW YOUR CANDIDATE ആപ്പിലൂടെ സ്ഥാനാർത്ഥികളുടെ വിവരങ്ങൾ ലഭ്യമാക്കും. സ്ഥാനാർത്ഥികളുടെ ക്രിമിനൽ

കേസുകളുടെ വിവരങ്ങളടക്കം ജനങ്ങൾക്ക് അറിയാൻ സാധിക്കും. പ്രശ്ന ബാധിത പ്രശ്നസാധ്യത ബൂത്തുകളിൽ വെബ് കാസ്റ്റിംഗ് സജ്ജീകരിച്ചിട്ടുണ്ട്.

ന്യൂസ് ഡെസ്ക്, ആകാശവാണി.....

&&&&&&&&&&&&&&&&

HEADLINE – 1(A)

ELECTION -KERALA

ലോക്സഭ തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതോടെ കേരളത്തിലും പ്രചാരണം ചൂടുപിടിച്ചു. തെരഞ്ഞെടുപ്പിന്റെ രണ്ടാം ഘട്ടം ഏപ്രിൽ 26 നാണ് കേരളം വിധിയെഴുതുന്നത്. ഈ മാസം 28-ന് സംസ്ഥാനത്ത് തെരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിക്കും. ഏപ്രിൽ നാലിനാണ് നാമ നിർദ്ദേശപത്രിക സമർപ്പണം ആരംഭിക്കുന്നത്.

&&&&&&&&&&&&&&&&

PM ON ELECTION DATES

ലോക്സഭാ തെരഞ്ഞെടുപ്പ് തീയതികൾ പ്രഖ്യാപിച്ചതോടെ രാജ്യത്ത് ജനാധിപത്യത്തിൻറെ ഏറ്റവും വലിയ ഉത്സവം ആരംഭിച്ചതായി പ്രധാനമന്ത്രി നരേന്ദ്രമോദി. ഈ തെരഞ്ഞെടുപ്പിനെ നേരിടാൻ എൻഡിഎ പൂർണ്ണ സജ്ജമാണെന്ന് പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു. ഭരണമികവ് മുൻ നിർത്തിയാണ് ജനങ്ങളുടെ ഇടയിലേക്ക് പോകുന്നതെന്നും ശ്രീ നരേന്ദ്രമോദി വ്യക്തമാക്കി.

&&&&&&&&&&&&&&&&

VP - SPIRITUALITY MAHOTSAV

ലോക രാജ്യങ്ങളിൽ ബഹുസ്വരതയുടെ ഏറ്റവും ഉയർന്നതലത്തിലാണ് ഇന്ത്യയെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ. ഹൈദരാബാദിൽ നടന്ന ഗ്ലോബൽ സ്പിരിച്വാലിറ്റി മഹോത്സവത്തിന്റെ സമാപന ചടങ്ങിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. മതനിരപേക്ഷത, സമത്വം, നീതി എന്നിവയുടെ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതാണ് ഇന്ത്യൻ ഭരണഘടന. **സർവ്**

ധർമ്മ സമഭാവ് എന്ന തത്വത്തിലാണ് ഭാരതം വിശ്വസിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&

HEADLINE – 3

REV PM - SUMMIT

ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കാൻ അവസരം നൽകിക്കൊണ്ട് സ്ത്രീകളെ സാമ്പത്തികമേഖലയിലും സാങ്കേതികവിദ്യയിലും ശാക്തീകരിക്കേണ്ടതുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഡൽഹിയിൽ ഇന്ത്യ ടുഡേ കോൺക്ലേവിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. വനിതാ സ്വയം സഹായ സംഘങ്ങളിലെ വനിതകൾക്ക് നമോ ഡ്രോൺ ദീദി യോജന പ്രകാരം ഡ്രോണുകൾ വിതരണം ചെയ്തിരുന്നു. ട്രാക്ടർ ഓടിക്കാൻ പോലും സ്ത്രീകളെ അനുവദിക്കാത്ത സാമൂഹിക കാഴ്ചപ്പാടിനെ ഭേദിക്കുന്നതാണ് ഈ നടപടിയെന്നും ഡ്രോണുകൾ കാർഷികമേഖലയുടെയും ഗ്രാമീണ വനിതകളുടെയും ഭാവി മാറ്റിമറിക്കുമെന്നും ശ്രീ മോദി വ്യക്തമാക്കി.

&&&&&&&&&&&&&&&&&

HEADLINE – 4

NAVY CAPTURES SOMALI PIRATES

കടൽ കൊള്ളക്കാർ ബന്ദികളാക്കിയ 17 കപ്പൽ ജീവനക്കാരെ രക്ഷപ്പെടുത്തി ഇന്ത്യൻ നാവികസേന. 35 കടൽക്കൊള്ളക്കാരെ പിടികൂടുകയും ചെയ്തു. കഴിഞ്ഞ വർഷം ഡിസംബറിൽ യെമനിലെ സൊകോത്ര ദ്വീപിന് സമീപം മാൾട്ടീസിൽ റജിസ്റ്റർ ചെയ്ത എം.വി.റൂൺ എന്ന ചരക്കു കപ്പലിലെ ജീവനക്കാരെയാണ് നാവികസേന മോചിപ്പിച്ചത്. ഐ.എൻ.എസ് കൊൽക്കത്തയുടെ സഹായത്തോടെയാണ് നാവികസേന ഇന്ത്യൻ തീരത്ത് നിന്ന് ഉദ്ദേശം 2600 കിലോമീറ്റർ അകലെ വച്ച് കടൽകൊള്ളക്കാരുമായി ഏറ്റുമുട്ടൽ നടത്തിയത്.

&&&&&&&&&&&&&&&&&

PM - PALAKKAD

ബിജെപിയുടെ തെരഞ്ഞെടുപ്പ് പ്രചാരണത്തിനായി പ്രധാനമന്ത്രി നരേന്ദ്രമോദി മറ്റന്നാൾ വീണ്ടും കേരളത്തിലെത്തും. പാലക്കാട് നഗരത്തിൽ പ്രധാനമന്ത്രി റോഡ് ഷോ നടത്തും. രാവിലെ പത്ത് മണിയോടെ ആരംഭിക്കുന്ന റോഡ് ഷോയുടെ ഭാഗമായി നഗരത്തിൽ ഗതാഗത നിയന്ത്രണം ഉണ്ടാകും. മൂന്നുമാസത്തിനിടെ ഇത് അഞ്ചാം തവണയാണ് പ്രധാനമന്ത്രി കേരളത്തിലെത്തുന്നത്. തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ച ശേഷമുള്ള പ്രധാനമന്ത്രിയുടെ ആദ്യ കേരള സന്ദർശനമാണിത്.

&&&&&&&&&&&&&&&&&

JAISHANKAR - CONCLAVE

ചൈനയെ നേരിടുന്നതിന് ആഭ്യന്തര ഉല്പാദനത്തിൽ ശ്രദ്ധകേന്ദ്രീകരിക്കണമെന്ന് വിദേശകാര്യമന്ത്രി എസ് ജയ്ശങ്കർ. മാധ്യമങ്ങൾ സംഘടിപ്പിച്ച കോൺക്ലേവിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇരു രാജ്യങ്ങൾക്കുമിടയിൽ അതിർത്തി പ്രശ്നം മാത്രമല്ല, പ്രധാന സാമ്പത്തിക പ്രശ്നങ്ങളുമുണ്ട്. ചൈനയ്ക്കൊപ്പം നിൽക്കാൻ സജ്ജമായ സമ്പദ്വ്യവസ്ഥ രാജ്യത്തിനാവശ്യമാണെന്നും ശ്രീ ജയ്ശങ്കർ വ്യക്തമാക്കി.

&&&&&&&&&&&&&&&&&

BHARATH JODO NYAY YAATRA

കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി നയിച്ച ഭാരത് ജോഡോ ന്യായ് യാത്രയുടെ സമാപന സമ്മേളനം ഇന്ന്. മുംബൈ ശിവാജി പാർക്കിൽ നടക്കുന്ന സമാപന സമ്മേളനത്തിലും മെഗാ റാലിയിലും നിരവധി നേതാക്കൾ പങ്കെടുക്കും. യാത്രയുടെ പര്യടനം ഇന്നലെ മുംബൈയിൽ സമാപിച്ചു. അംബേദ്കർ സ്മൃതി മണ്ഡപ് ഭൂമിയിലാണ് യാത്ര അവസാനിപ്പിച്ചത്. മണിപ്പൂരിൽ ജനുവരി 14 ന് ആരംഭിച്ച യാത്ര 15 സംസ്ഥാനങ്ങളിലൂടെയാണ് കടന്നു പോയത്.

&&&&&&&&&&&&&&&&&

WEATHER KERALA

കേരളത്തിൽ കനത്ത ചൂട് തുടരുന്നു. 10 ജില്ലകളിൽ ഈ മാസം 20 വരെ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത നിർദ്ദേശം പുറപ്പെടുവിച്ചു. പാലക്കാട്, കൊല്ലം ജില്ലകളിൽ ഉയർന്ന താപനില 39 ഡിഗ്രി സെൽഷ്യസ് വരെയും ആലപ്പുഴ, കോഴിക്കോട് ജില്ലകളിൽ ഉയർന്ന താപനില 38 ഡിഗ്രി സെൽഷ്യസ് വരെയും കോട്ടയം, പത്തനംതിട്ട, തൃശ്ശൂർ ജില്ലകളിൽ 37 ഡിഗ്രി സെൽഷ്യസ് വരെയും തിരുവനന്തപുരം, എറണാകുളം, കണ്ണൂർ ജില്ലകളിൽ താപനില 36 ഡിഗ്രി സെൽഷ്യസ് വരെയും ഉയരാൻ സാധ്യതയുണ്ടെന്ന് അറിയിച്ചു.

&&&&&&&&&&&&&&&&&

GOLD SEIZED

കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിലെത്തിയ രണ്ട് യാത്രക്കാരിൽ നിന്ന് ഒരു കോടി 46 ലക്ഷം രൂപയുടെ സ്വർണ്ണം പിടികൂടി. ദുബായിൽ നിന്നുമെത്തിയ കാസർഗോഡ് സ്വദേശി അബ്ദുൾ റഹിമാൻ മുഹമ്മദ്, കോഴിക്കോട് സ്വദേശി റഫീഖ് മീത്തലിൽ എന്നിവരിൽ നിന്ന് 2 കിലോ 262 ഗ്രാം സ്വർണ്ണമാണ് കസ്റ്റംസും ഡി.ആർ.ഐ.യും ചേർന്ന് നടത്തിയ സംയുക്ത പരിശോധനയിൽ പിടിച്ചെടുത്തത്.

&&&&&&&&&&&&&&&&&

KANNUR - TIGER

കണ്ണൂർ കേളകം പഞ്ചായത്തിൽ കടുവയുടെ സാനിധ്യം സ്ഥിരീകരിച്ചതിനെ തുടർന്ന് വനം വകുപ്പധികൃതർ കൂട് സ്ഥാപിച്ചു. വൈകീട്ട് വരെ പ്രദേശത്ത് നിരോധനാജ്ഞ നിലവിലുണ്ട്. പഞ്ചായത്തിലെ അടയ്ക്കാതോട് കരിയാം കാപ്പിലാണ് ഇന്നലെ കടുവയെ കണ്ടതായി പ്രദേശ വാസികൾ വനം വകുപ്പിനെ അറിയിച്ചത്. മുരണ്ടുകൊണ്ട റോഡ് മുറിച്ചു കടക്കുകയായിരുന്ന കടുവയെയാണ് സ്കൂട്ടറിൽ പോവുകയായിരുന്ന ടാപ്പിംഗ് തൊഴിലാളികൾ കണ്ടത്. ഇവർ കടുവയുടെ ദൃശ്യം ഫോണിൽ

പകർത്തുകയും ചെയ്തു. വാളമുക്കിലെ ഹമീദ് റാവുത്തർ കോളനിയിലണ് കൂട് സ്ഥാപിച്ചത്.

&&&&&&&&&&&&&&&&

TURTLE SEASON

ചെന്നൈയിൽ ഒലിവ് റിഡ്ലി കടലാമകളുടെ സംരക്ഷണ യജ്ഞം ആരംഭിച്ചു. ചെന്നൈ തീരത്ത് നേപ്പിയർ പാലം മുതൽ കോവളം വരെയുള്ള 200 കിലോമീറ്ററുകൾ എങ്കിലും കടലാമയുടെ മുട്ടകൾ നശിപ്പിക്കപ്പെട്ടതായി കണ്ടെത്തി. അതിനാൽ ട്രോളറുകൾക്കും ഗിൽ നെറ്റ് ബോട്ടുകളും വലകളും ഈ പ്രദേശങ്ങളിൽ ഉപയോഗിക്കുന്നത് നിയന്ത്രിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&

MILITARY EXERCISE

കിഴക്കൻ ആഫ്രിക്കൻ ദ്വീപ് രാജ്യമായ സീഷെൽസിലെ സൈന്യവുമായുള്ള സംയുക്താഭ്യാസത്തിനായി ഭാരതീയ കരസേന സീഷെൽസിലെത്തി. **ലാമിറ്റിയെ 2024** എന്ന പേരിൽ രണ്ടു വർഷത്തിലൊരിക്കൽ സംഘടിപ്പിക്കുന്ന അഭ്യാസത്തിന്റെ പത്താം പതിപ്പാണിത്. ഇന്ന് മുതൽ 27 വരെയാണ് സീഷെൽസിൽ സംയുക്ത അഭ്യാസം നടക്കുക.

&&&&&&&&&&&&&&&&

HEADLINE – 5

DJOKOVIC MIAMI OPEN

ടെന്നിസിലെ ലോക ഒന്നാം നമ്പർ നൊവാക് ജോക്കോവിച്ച് മിയാമി ഓപ്പൺ ടെന്നീസ് ടൂർണമെന്റിൽ നിന്നും പിന്മാറി. കരിയറിലെ തിരക്കുപിടിച്ച ഷെഡ്യൂളുകൾ കാരണമാണ് താൻ ടൂർണമെന്റിൽ നിന്നും പിന്മാറുന്നതെന്നും ആരാധകരോട് ക്ഷമ ചോദിക്കുന്നു എന്നും അദ്ദേഹം പറഞ്ഞു. ചൊവ്വാഴ്ച ആരംഭിക്കുന്ന മിയാമി ഓപ്പൺ ടെന്നീസ് ടൂർണമെന്റിന്റെ ഫൈനൽ ഈ മാസം 30 നാണ്.

&&&&&&&&&&&&&&&&

WPL

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റ് ഫൈനലിൽ ഇന്ന് ഡൽഹി ക്യാപിറ്റൽസ് , റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂരിനെ നേരിടും. രാത്രി 7.30 ന് ഡൽഹി അരുൺ ജയ്റ്റിലി സ്റ്റേഡിയത്തിലാണ് മത്സരം. സ്മൃതി മന്ഥാനയാണ് റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂരിനെ നയിക്കുന്നത്. മഗ് ലാനിങ്ങാണ് ഡൽഹി ക്യാപിറ്റൽസിനെ നയിക്കുന്നത്. മലയാളിയായ മിന്നു മണി ഡൽഹിക്കു വേണ്ടിയും, ആശാ ശോഭന ബാംഗ്ലൂരിന് വേണ്ടിയും മത്സരിക്കും.

&&&&&&&&&&&&&&&&&&

ICELAND VOLCANO EMERGENCY

ദ്വീപ് രാഷ്ട്രമായ ഐസ്ലൻഡിലെ റെയ്ക്ക്യാനെസിൽ അഗ്നിപർവത സ്ഫോടനം. കഴിഞ്ഞ ഡിസംബറിന് ശേഷമുള്ള നാലാമത്തെ സ്ഫോടനമാണിത്. ഇതേതുടർന്ന് രാജ്യത്തിൻറെ തെക്കൻ പ്രദേശത്ത് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു. പ്രമുഖ വിനോദസഞ്ചാര കേന്ദ്രമായ ബ്ലൂ ലഗൂൺ ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ നിന്നും ആളുകളെ മാറ്റിപ്പാർപ്പിച്ചു. ഭൂമിയിലെ ഏറ്റവും സജീവമായ അഗ്നിപർവത പ്രദേശങ്ങളിലൊന്നാണ് ഐസ്ലൻഡ്.

&&&&&&&&&&&&&&&&&&